

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

# *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ഏലിയ സ്ലീവ മൂശ മൂന്നാം ഞായർ

2022 സെപ്റ്റംബർ 25



# ഒരുക്കമുള്ളവരായിരിക്കാം

മത്തായി 24:29-36, 1 കൊറി 1:18-25, ഉല്പത്തി 9:8-17

കഴിഞ്ഞ വർഷങ്ങളിലെല്ലാം ചില പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ ഒരു ജല ബോംബായി മാറുമോ എന്ന ഭീതിയിൽ ആയിരുന്നു പലരും. പ്രവചിക്കപ്പെട്ട നാളുകളിലൊന്നും ആ ദുരന്തം ഉണ്ടായില്ല എന്നത് ആശ്വാസം തന്നെ. എങ്കിലും ഇന്നും ഓരോ മഴയിലും ഈ ഭീതി വിട്ടൊഴിയാതെയാണ് പലരും കഴിയുന്നത്. 30 ലക്ഷത്തിനും 40 ലക്ഷത്തിനും ഇടയിൽ ജീവഹാനി ഉണ്ടാകുമെന്ന് ശാസ്ത്രീയ പഠനങ്ങളുടെ വെളിച്ചത്തിൽ ചിലർ പറയുന്നു. ഡാം നിർമ്മാണത്തിന്റെ ചുക്കാൻ പിടിച്ച പെന്നി കിക്ക് 50 വർഷമാണ് ഡാമിന്റെ ആയുസ്സ് എന്ന് പറഞ്ഞത് കൂടി കൂട്ടി വായിക്കുമ്പോൾ 127 വർഷം പഴക്കമുള്ള മുല്ലപ്പെരിയാറിനെ എപ്പോൾ പൊട്ടും എന്നറിയാത്ത ഒര ജല ബോംബായി തന്നെ കാണേണ്ടിവരും.

അതുപോലെ എപ്പോൾ സംഭവിക്കുമെന്നും എങ്ങനെ സംഭവിക്കുമെന്നും അറിയാത്ത കുറെ മുന്നറിയിപ്പുകളും പ്രവചനങ്ങളുമാണ് ഇന്നത്തെ സുവിശേഷത്തിലും കാണാൻ കഴിയുക. യുഗാന്ത്യത്തെ കുറിച്ച് പരാമർശിക്കുന്ന ഈ സുവിശേഷ ഭാഗം ഒരുനാളിൽ പ്രപഞ്ചശക്തികളെല്ലാം ഇല്ലാതാകും എന്ന് പറഞ്ഞുവയ്ക്കുന്നു. ഒപ്പം മനുഷ്യപുത്രന്റെ ആഗമനത്തെയും കുറിച്ച് പരാമർശിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടുന്ന ഒരുനാൾ ഉണ്ടാകും എന്ന സൂചനയെ മുന്നിൽക്കണ്ട്

'മരിച്ചവർ അക്ഷയരായി കബറിടങ്ങളിൽ നിന്ന് ഉയർത്തെഴുന്നേൽക്കും...' എന്നൊക്കെ നാം പ്രാർത്ഥിക്കാറുമുണ്ട്... അടയാളങ്ങളും സൂചനകളും നൽകുമ്പോഴും ഇത് എന്ന് സംഭവിക്കുമെന്ന് പിതാവിന് മാത്രമേ അറിയൂ എന്നാണ് വചനം പറയുന്നത്.

'തൊട്ടുമുന്നിലായി വിദ്യാലയമുണ്ട്', 'വലിയ വളവുണ്ട്', 'അപകടമേഖല' എന്നിങ്ങനെ നിരവധി മുന്നറിയിപ്പുകൾ വഴിയരികിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡുകളിൽ കാണാൻ സാധിക്കും.



സുജമോൾ ജോസ്

ഈ സൂചനകൾ ലക്ഷ്യത്തിലേക്ക് നമ്മെ സുരക്ഷിതരായി നയിക്കാൻ സഹായകങ്ങളാണ്. ഇതുപോലെ ഏതാനും സൂചനകൾ നൽകിയശേഷം ഇതെല്ലാം സംഭവിക്കുമ്പോൾ അവൻ സമീപത്ത് എത്തിയിരിക്കുന്നു എന്ന് നിങ്ങൾമനസ്സിലാക്കിക്കൊള്ളുവിൻ എന്നാണ് ഇന്നത്തെ സുവിശേഷം പറഞ്ഞുതരുന്നത്. ഈ സൂചനകൾ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന നമ്മെ സഹായിക്കുന്ന വയാണ്. പിതാവിനല്ലാതെ മറ്റാർക്കും അറിയാത്ത ആ മണിക്കൂറുകൾ ഉണ്ടാകും എന്നത് മാത്രമാണ് സുവിശേഷം ഉറപ്പിച്ചു പറയുന്നത്. അതുകൊണ്ടു തന്നെ ഒരു തയ്യാറെടുപ്പ് നമുക്ക് ആവശ്യമാണ്. യുഗാന്ത്യത്തെക്കുറിച്ചും ലോകാവസാന ത്തെക്കുറിച്ചും പറയുമ്പോൾ ഓർക്കുക, വചനത്തിൽ സൂചിപ്പിച്ചതുപോലെ പ്രപഞ്ചശക്തികൾ ഒന്നാകെ ഇല്ലാതായി ലോകം അവസാനിക്കുക മാത്രമല്ല ലോകാവസാനം. ഞാൻ എന്ന വ്യക്തി ഇല്ലാതാകുമ്പോൾ എന്റെ ലോകവും അവസാനിക്കും. അതുകൊണ്ട് സദാ ജാഗരൂകതയോടെ നമുക്ക് ആയിരിക്കാം.

## അവൻ സമീപത്തുണ്ട് നമ്മളോ?

'ഇതെല്ലാം കാണുമ്പോൾ അവൻ സമീപത്ത് വാതിൽക്കൽ എത്തിയിരിക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കിക്കൊള്ളുവിൻ'. സൂര്യതേജസോടെ അവന്റെ പ്രകാശം പരത്തേണ്ടവർ അന്ധകാരമാണോ പരത്തുന്നത്? നക്ഷത്ര ശോഭയോടെ അവന്റെ സ്നേഹത്താൽ പ്രശോഭിക്കേണ്ടവർ തിളക്കമറ്റ് നിപതിക്കുന്നത് എത്ര വേദനാജന കമാണ്. അവന്റെ സ്നേഹത്തിന്റെയും കരുണയുടെയും നിലാവ് പൊഴി ക്കേണ്ടവർ അമാവാസിയെ പുൽകുമ്പോൾ വേദനിക്കാതിരിക്കാൻ കഴിയുമോ? 'അതുകൊണ്ട്, നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിക്കാൻ സൂക്ഷി ച്ചുകൊള്ളുക.' (ലൂക്കാ 11 : 35). എന്നിൽ വസിക്കുന്നവൻ അന്ധകാരത്തിൽ വസിക്കുകയില്ല എന്നൊക്കെ പറഞ്ഞ അവൻ എത്ര വേദനയോടെ ആയിരിക്കാം ഇരുളടഞ്ഞ നമ്മുടെ ജീവിതങ്ങളെ കാണുന്നുണ്ടാവുക? ദൈവത്തിന്റെ സാന്നിധ്യത്തിലും സാമീപ്യത്തിലും ജീവിക്കാൻ നമുക്ക് കഴിയുമ്പോഴാണ് ഇരുളിലാണ്ട നമ്മുടെ ജീവിതങ്ങൾ പ്രകാശപൂരിതമാകുക.

'നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവു നമുക്കു സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറേ ഏതു ശ്രേഷ്ഠജനതയാണുള്ളത്?' (നിയ 4:7).

ആ സാമീപ്യം തിരിച്ചറിയാൻ നമുക്ക് കഴിയാതെ പോകുന്നത് നമ്മുടെ പരാജയം അല്ലേ? നമ്മുടെ സമീപത്ത് ആയിരിക്കുന്ന അവിടുത്തോട് ചേർന്ന് നിൽക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ?

'ദൈവത്തോടു ചേർന്നുനിൽക്കുവിൻ; അവിടുന്ന് നിങ്ങളോടും ചേർന്നുനിൽക്കും.' (യാക്കോബ് 4 : 8) അതെ അവിടുന്ന് നമ്മുടെ സമീപ ത്തുണ്ട്. നമ്മളോ? നമുക്കും അവിടു ത്തോട് ചേർന്നുനിൽക്കാം.

## അന്നും ഇന്നും മാറാത്ത തിരുവചനം

'ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു.' (യോഹ 1:1). വിശുദ്ധയോഹന്നാന്റെ സുവിശേഷം ആരംഭിക്കുന്നത് ഇങ്ങനെയാണ്. യുഗാന്ത്യത്തെക്കുറിച്ച് പരാമർശി ക്കുമ്പോൾ ആകാശവും ഭൂമിയും കടന്നുപോകും എന്നാൽ എന്റെ വചനങ്ങൾ കടന്നു പോവുകയില്ല എന്ന് ഈശോ പറയുന്നു. വചനം സത്യവും നിത്യവും ആണ്. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. ഇന്ന് വെറുമൊരു ഗോതമ്പ് അപ്പത്തിന്റെ രൂപത്തിൽ നമ്മോടൊപ്പം വസിക്കുന്നു. അവൻ നമുക്ക് ഉറപ്പു തന്നിട്ടുണ്ട് യുഗാന്ത്യത്തോളം ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരിക്കുമെന്ന്. അവന്റെ വാക്കുകൾ നമുക്ക് പകരുന്ന ബലം ചെറുതല്ല. അന്നും ഇന്നും മാറാതെ യുള്ള അവിടുത്തെ തിരുവചനങ്ങളെ നാം എങ്ങനെയാണ് കാണുന്നത്? സങ്കീർത്തകനെ പോലെ 'അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്.' (സങ്കീ 119: 05) എന്നു പറയാൻ നമുക്ക് സാധിക്കു ന്നുണ്ടോ? അവിടുത്തെ വചനമാണോ നമ്മൾ ജീവിക്കുന്നത്? ബൈബിൾ ഇതുവരെ വായിച്ചിട്ടില്ലാത്തവർ വായിക്കുന്ന അഞ്ചാമത്തെ സുവി ശേഷമാണ് നമ്മൾ എന്നൊക്കെ പറയുമ്പോൾ ആത്മനിന്ദയോടെ തലകുനിച്ച് നിൽക്കേണ്ട അവസ്ഥ യിലാണോ നമ്മൾ? വചനം അനു സരിച്ച് ജീവിക്കുമ്പോൾ മാത്രമാണ് വചനം നമ്മുടെ പാദങ്ങൾക്ക് വിളക്കായി മാറുന്നത്. അപ്പോൾ മാത്രമേ നമ്മുടെ പാതകൾ പ്രകാശിക്കൂ. വചനാനുസൃതം ജീവിക്കുമ്പോൾ മാത്രമാണ് പൗലോസ് ശ്ലീഹ പറഞ്ഞതുപോലെ ഇനിമേൽ ഞാനല്ല എന്നിൽ ക്രിസ്തുവാണ് ജീവിക്കുന്നതെന്ന് നമുക്ക് ഉറപ്പിച്ച് പറയാൻ സാധിക്കുക. അങ്ങനെ മറ്റൊരു ക്രിസ്തുവായി മാറുമ്പോൾ അനേക ജീവിതങ്ങളിൽ പ്രകാശം പരത്താൻ നമുക്കും സാധിക്കും. പ്രശോഭിക്കുന്ന വ്യക്തികളായി, അവിടുത്തെ സാമീപ്യത്തിൽ നമുക്കായിരിക്കാം.

## സുവിശേഷ പ്രസംഗത്തിന്റെ ഭോഷത്തം

നിത്യം നിലനിൽക്കുന്ന വചനത്തെക്കുറിച്ച് ഇന്നത്തെ സുവിശേഷഭാഗം പറഞ്ഞുവെക്കു മ്പോൾ ആ വചനം പ്രഘോഷി ക്കപ്പെടാൻ കൂടിയുള്ളതാണ് എന്ന ബോധ്യത്തിലേക്കാണ് കൊറിന്തോസുകാർക്ക് എഴുതിയ ലേഖനത്തിലൂടെ പൗലോസ് ശ്ലീഹാ നമ്മോട് പറയുന്നത്. നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണെന്ന് പറയുമ്പോൾ രക്ഷയിലൂടെ ചരിക്കുന്നവർക്ക് അത് ദൈവത്തിന്റെ ശക്തി ആണെന്ന് ശ്ലീഹാ പറയുന്നു. വിശ്വസിക്കുന്നവരെ സുവിശേഷ പ്രസംഗത്തിന്റെ ഭോഷത്തം വഴിയാണ് അവിടുന്ന് രക്ഷിച്ചത് എന്ന് പറയുമ്പോൾ ക്രിസ്ത്യാനികൾ എന്ന നിലയിൽ ആ പ്രഘോഷണത്തിലേക്കാ ണ് നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത് എന്ന തിരിച്ചറിവ് കൂടി നമുക്ക് ഉണ്ടാകണം. മാമോദീസ സ്വീകരിച്ച നാമോരോരുത്തരും സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവരാണ് എന്നുള്ള അടിസ്ഥാന ബോധ്യമാണ് നമുക്ക് ഓരോരുത്തർക്കും ഉണ്ടാകേണ്ടത്. ആ ദൗത്യം നാം മറന്നു എന്നതാണ് യഥാർത്ഥത്തിൽ

ഭോഷത്തമായി ഭവിച്ചിരിക്കുന്നത്. സുവിശേഷം ആകാനും സുവിശേഷം ഏകാനും വിളിക്കപ്പെട്ടവരാണ് എന്ന് നാം ഘോരഘോരം പ്രസംഗിക്കുമ്പോഴും സുവിശേഷം ആകാനും സുവിശേഷം ഏകാനും നമുക്ക് കഴിഞ്ഞിട്ടില്ല എന്നെങ്കിലും നമ്മൾ തിരിച്ചറിഞ്ഞിരുന്നെങ്കിൽ...

കുറച്ചുനാളുകൾക്കു മുമ്പ് രാജസ്ഥാനിൽ ജോലി ചെയ്യുന്ന ഒരു സുഹൃത്തുമായി സംസാരിക്കാൻ ഇടയായി. വികസനം തൊട്ട് തീണ്ടിയിട്ടില്ലാത്ത ഉൾനാടൻ ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന ഒരു എൻജിഒയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുകയാണ് സുഹൃത്ത്. അദ്ദേഹം അവിടെ ഒരു ഗ്രാമത്തിൽ ചെന്നപ്പോൾ ആ ഗ്രാമവാസി അദ്ദേഹത്തോട് അദ്ദേഹത്തിന്റെ ജാതിയെയും മതത്തെയും കുറിച്ചുമെല്ലാം ചോദിച്ചു. സത്യ ക്രിസ്ത്യാനിയായ അദ്ദേഹം തനിക്കറിയാവുന്ന ഭാഷയിൽ താൻ ക്രിസ്ത്യാനിയാണെന്ന് പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു. പക്ഷേ ആ ഗ്രാമവാസി അങ്ങനെ ഒരു വിഭാഗത്തെക്കുറിച്ച് കേട്ടിട്ടേയില്ല. ഒടുവിൽ അദ്ദേഹം തന്റെ മൊബൈലിൽ പള്ളിയുടെയും ഈശോയുടെയും കുരിശിന്റെയും എല്ലാം ചിത്രങ്ങൾ കാണിച്ചു. അങ്ങനെയെങ്കിലും അദ്ദേഹത്തിന് കാര്യങ്ങൾ മനസ്സിലാകുമെന്ന് ആ സുഹൃത്തു കരുതി. ആദ്യമായി ആ ചിത്രങ്ങൾ കണ്ട കൗതുകത്തോടെ നോക്കിയിരുന്നതല്ലാതെ അയാൾക്ക് അപ്പോഴും ആരാണ് ക്രിസ്തു, ആരാണ് ക്രിസ്ത്യാനി എന്നൊന്നും മനസ്സിലായില്ല. ഈശോയെ അറിയാത്ത അനേകം ആളുകൾ നമ്മുടെ ഇടയിൽ തന്നെയുണ്ട് എന്നൊക്കെ പറഞ്ഞു കേട്ടിട്ടുണ്ടെങ്കിലും അക്ഷരാർത്ഥത്തിൽ ക്രിസ്തുവിനെ, ക്രിസ്ത്യാനിയെ അറിയാത്തവർ നമ്മുടെ നാട്ടിൽ തന്നെയുണ്ട് എന്നത് അദ്ദേഹത്തെ ഏറെ വേദനിപ്പിച്ചു. വാർഡ് തോറും രണ്ടും മൂന്നും പള്ളിയും ആവശ്യത്തിലേറെ ധ്യാനകേന്ദ്രങ്ങളും നിത്യാരാധന കേന്ദ്രങ്ങളുമൊക്കെയുള്ള നമുക്കിതൊക്കെ എവിടെ മനസ്സിലാകാൻ? നാളിതുവരെയുള്ള എന്റെ ജീവിതം കണ്ട് ഒരാളെങ്കിലും ക്രിസ്തു സ്നേഹത്തിലേക്ക് കടന്നു വന്നിട്ടില്ലെങ്കിൽ ക്രിസ്ത്യാനി എന്ന പേര് ചുമന്നുകൊണ്ട് ഞാൻ ഇത്രനാൾ ജീവിച്ചതിൽ എന്തർത്ഥം? ലോകോത്തര നിലവാരമുള്ള ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പണിതു കൂട്ടിയിട്ടും ക്രിസ്തുവിൽ പണിയപ്പെടാൻ നമുക്ക് കഴിയുന്നില്ല എന്നത് എത്ര ദൗർഭാഗ്യകരമാണ്? കൺവൻഷനുകളിലും ധ്യാനമന്ദിരങ്ങളിലും മാത്രം പ്രാഘോഷിക്കപ്പെടേണ്ട ഒന്നായി വചനം ചുരുങ്ങിപ്പോയില്ലേ?



ദൈവസ്നേഹം അതിന്റെ ആഴത്തിൽ അനുഭവിച്ചറിയാനും പങ്കുവെച്ചു ജീവിക്കാനും കഴിയാത്തതിന്റെ കാരണം നമ്മുടെ പാപാവസ്ഥയാണെന്നും 2000 വർഷങ്ങൾക്കു മുൻപേതന്നെ ദൈവപുത്രനായ യേശുക്രിസ്തു കുരിശിൽ മരിച്ചു നമ്മുടെ പാപകടങ്ങളെല്ലാം വീട്ടി നമ്മെ രക്ഷിച്ചുവെന്നും, ആ രക്ഷ സ്വന്തമാക്കാൻ അനുതപിച്ച് മാനസാന്തരപ്പെട്ട് യേശുവിനെ നമ്മുടെ രക്ഷകനും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ച് അധരം കൊണ്ടേറ്റു പറഞ്ഞാൽ മതിയെന്നും നമ്മൾ തിരിച്ചറിയണം. അങ്ങനെയൊരു സമർപ്പണം ചെയ്താൽ തിന്മയിൽ നിന്നകന്നു ജീവിക്കാൻ അവിടുത്തെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ നൽകി അവിടുന്ന് നമ്മെ ധന്യരാക്കും. അങ്ങനെ പരിശുദ്ധാത്മ നിറവിലായിരിക്കുന്നവർ ഒരു മനസ്സും ഒരാത്മാവുമായി കൂട്ടായ്മയിൽ വളരും. അവരറിയാതെ മറ്റുള്ളവരുടെ മുന്നിൽ സുവിശേഷമായിമാറിക്കൊണ്ട് സുവിശേഷമേകി സഭയുടെ ദൗത്യത്തിൽ പങ്കാളികളാകുവാനും സ്വർഗ്ഗസൗഭാഗ്യം ലക്ഷ്യമാക്കി ജീവിക്കാനും സാധിക്കും. ഈ നിത്യസത്യങ്ങളിൽ ആഴപ്പെടുന്നതാവണം നമ്മുടെ പ്രബോധനങ്ങളും പ്രാഘോഷണങ്ങളുമെല്ലാം. ഈ ബോധ്യത്തിൽ നിന്നും ലഭിക്കുന്ന സ്വാതന്ത്ര്യത്തിലേക്ക് ആണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ഈ സ്വാതന്ത്ര്യം നിരന്തരമുള്ള സുവിശേഷ പ്രഘോഷണത്തിലൂടെമാത്രമേ സാധ്യമാകൂ എന്ന തിരിച്ചറിവിൽ നമുക്ക് ജീവിക്കാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com